ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 15.11.2025** | പ്രധാന വാർത്തകൾ | **TIME : 06.30 PM**

1. സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ അവിസ്മരണീയമായ സംഭാവനയാണ് ഗോത്ര സമൂഹം നൽകിയതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. സംസ്ഥാനത്ത് തദ്ദേശ പൊതുതിരഞ്ഞെടുപ്പ് നടപടികളും പ്രവർത്തനങ്ങളും പുരോഗമിക്കുന്നു; തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ മാതൃകാ പെരുമാറ്റച്ചട്ടം പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
3. തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൻറെ ഭാഗമായുള്ള എന്യൂമറേഷൻ ഫോം വിതരണം ചെയ്ത ശേഷം മാത്രമേ വോട്ടർമാരുടെ വിവരങ്ങൾ പുതുക്കാവൂവെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.
4. മണ്ഡല - മകരവിളക്ക് മഹോത്സവത്തിനായ് ശബരിമല ക്ഷേത്രനട നാളെ തുറക്കും; തീർഥാടനത്തിനായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയതായി പത്തനംതിട്ട ജില്ലാ നേതൃത്വം.
5. സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരള -ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.
6. കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യക്ക് 30 റണ്ണിൻറെ ഒന്നാം ഇന്നിംഗ്സ് ലീഡ്.

## പ്രധാനമന്ത്രി-ഗുജറാത്ത്

സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ അവിസ്മരണീയമായ സംഭാവനയാണ് ഗോത്ര സമൂഹം നൽകിയതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗോത്ര നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷിക ദിനമായ ജൻജാതിയ ഗൗരവ് ദിവസ് ആഘോഷത്തോടനുബന്ധിച്ച് ഗുജറാത്തിലെ നർമ്മദയിൽ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ അന്തസ്സ്, ആത്മാഭിമാനം, സ്വയംഭരണം എന്നിവയെക്കുറിച്ചുള്ള ചോദ്യം ഉയർന്നുവന്നപ്പോഴെല്ലാം ഇന്ത്യയുടെ ഗോത്ര സമൂഹം മുൻപന്തിയിൽ നിൽക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

രാവിലെ മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽ ഇടനാഴിയുടെ പുരോഗതി പ്രധാനമന്ത്രി അവലോകനം ചെയ്തു. ബുള്ളറ്റ് ട്രെയിൻ മുംബൈയ്ക്കും അഹമ്മദാബാദിനും ഇടയിലുള്ള യാത്രാ സമയം ഏകദേശം രണ്ട് മണിക്കൂറായി കുറയ്ക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## നാമ നിർദ്ദേശ പത്രിക സമർപ്പണം

സംസ്ഥാനത്ത് തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥി പ്രഖ്യാപനവും നാമ നിർദേശ പത്രിക സമർപ്പണവും പുരോഗമിക്കുന്നു. ഈ മാസം 21 വരെയാണ് പത്രികാ സമർപ്പണം. 1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്ക് അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. 13 ന് വോട്ടെണ്ണൽ നടക്കും. അതേസമയം തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് വിവിധ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥികളും. വീടുകളിൽ എത്തി സമ്മതിദായകരെ നേരിൽ കണ്ട് വോട്ട് അഭ്യർത്ഥിക്കാൻ സ്ഥാനാർത്ഥികൾക്കൊപ്പം മുതിർന്ന നേതാക്കളും സജീവമാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - നിർദേശം

തദ്ദേശ പൊതുതിരഞ്ഞെടുപ്പ് പ്രചാരണത്തിൽ മാതൃകാ പെരുമാറ്റചട്ടം പാലിക്കണമെന്ന്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. ജാതി, മത, വംശ, സമുദായപരമോ, ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉളവാക്കുന്ന ഒരു പ്രവർത്തനത്തിലും രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏർപ്പെടുവാൻ പാടില്ലെന്നു കമ്മീഷൻ നിർദ്ദേശിച്ചു. ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മൈതാനങ്ങൾ എന്നിവ തിരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള വേദിയാക്കാൻ പാടില്ലെന്നും നിർദേശമുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## രത്തൻ യു കേൽക്കർ, നിർദ്ദേശം

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള എന്യുമറേഷൻ ഫോം ലഭിക്കാത്തവർക്കായി പ്രത്യേക യജ്ഞം നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. എസ് ഐ ആർ സംബന്ധിച്ച് തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്ത ശേഷം മാത്രമേ വിവരങ്ങൾ പുതുക്കാവൂ എന്ന് BLO മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ശ്രീ രത്തൻ കേൽക്കർ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## എസ് ഐ ആർ-കോഴിക്കോട് (ഇൻട്രോ)

തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികളിൽ പങ്കാളികളാകാൻ കോഴിക്കോട് ജില്ലയിലെ ഇലക്ടറൽ ലിറ്ററസി ക്ലബും, നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാരും. ഓരോ ബിഎൽഒമാർക്കൊപ്പവും രണ്ട് വീതം വോളണ്ടിയർമാരാണ് ഗൃഹസന്ദർശനത്തിൽ ഒപ്പം ചേരുക.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു..**
**(ഹോൾഡ്)**

## ഡൽഹി സ്ഫോടനം- ഡോക്ടർ ലൈസൻസ്

ഡൽഹി സ്ഫോടനക്കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായ നാല് ഡോക്ടർമാരുടെ പേരുകൾ ഇന്ത്യൻ മെഡിക്കൽ രജിസ്റ്ററിൽ നിന്ന് നാഷണൽ മെഡിക്കൽ കമ്മീഷൻ നീക്കം ചെയ്തു. മുസാഫർ അഹമ്മദ്, അദീൽ അഹമ്മദ് റാത്തർ, മുസമിൽ ഷക്കീൽ, ഷഹീൻ സയീദ് എന്നിവർക്കെതിരെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമത്തിലെ പ്രസക്തമായ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത എഫ്ഐആർ കണക്കിലെടുത്താണ് ഈ നടപടി സ്വീകരിച്ചത്. ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ പ്രാക്ടീഷണർമാർക്ക് വൈദ്യശാസ്ത്രം പരിശീലിക്കാനോ മെഡിക്കൽ അപ്പോയിന്റ്മെന്റ് നടത്താനോ അനുവാദമില്ലെന്നും കമ്മീഷൻ കൂട്ടിച്ചേർത്തു.

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

## ശബരിമല

മണ്ഡല - മകരവിളക്ക് മഹോത്സവത്തിനായ് ശബരിമല ക്ഷേത്രനട നാളെ തുറക്കും. നാളെ വൈകിട്ട് അഞ്ചിനു തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നട തുറന്ന് ദീപം തെളിക്കും. തുടർന്ന് നിയുക്ത മേൽശാന്തിമാരെ 18-ാം പടി കയറ്റി വൈകിട്ട് ആറിന് അഭിഷേകം നടക്കും. മറ്റെന്നാളാണ് വൃശ്ചികം ഒന്ന്. വെർച്വൽ ക്യൂ വഴി 70,000 പേർക്കും തത്സമസ ബുക്കിംഗ് വഴി 20,000 പേർക്കും ദർശനം സാധ്യമാകും.

## ശബരിമല ഒരുക്കം (ഇൻട്രോ)

മണ്ഡല മകരവിളക്ക് തീർഥാടനത്തിനായുള്ള എല്ലാ ഒരുക്കങ്ങളും പൂർണ്ണ സജ്ജമായതായി പത്തനംതിട്ട ജില്ലാ കളക്ടർ എസ്. പ്രേംകൃഷ്ണൻ പറഞ്ഞു. കളക്ടറേറ്റിലെ പമ്പാ കോൺഫറൻസ് റൂമിൽ വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ..........**

**(വോയിസ്)**

☸☸☸☸☸☸☸☸☸☸☸☸☸

## ശബരിമല - സംസ്ഥാന ആരോഗ്യ വകുപ്പ്

മണ്ഡല കാലത്തോടനുബന്ധിച്ച്, ശബരിമല തീർത്ഥാടകർക്കായി നിരവധി സജ്ജീകരണങ്ങൾ ഒരുക്കി സംസ്ഥാന ആരോഗ്യ വകുപ്പ്. ശബരിമലയിലേക്കുള്ള എല്ലാ പ്രധാന പാതകളിലും ആരോഗ്യ വകുപ്പിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പമ്പയിലെ കൺട്രോൾ സെന്റർ 24 മണിക്കൂറും പ്രവർത്തിക്കും. സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ വ്രതകാലത്ത് നിർത്തരുതെന്നും, മുങ്ങിക്കുളിക്കുന്നവർ മൂക്കിൽ വെള്ളം കയറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശം നൽകി.

☸☸☸☸☸☸☸☸☸☸☸☸☸

## ദേവസ്വം പ്രസിഡൻറ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാറും ബോർഡ് അംഗമായി കെ. രാജുവും ചുമതലയേറ്റു. കെ. ജയകുമാർ മലയാളം സർവകലാശാല വൈസ് ചാൻസിലറുടെ ചുമതലയും വഹിച്ചിട്ടുണ്ട്. കെ. രാജു മുൻ മന്ത്രിയാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## കാലാവസ്ഥ

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ഇന്ന് മുതൽ ഈ മാസം 19 വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കട്ടപ്പന,

നെടുങ്കണ്ടം മേഖലകളിൽ ഇന്ന് കനത്ത മഴ പെയ്തു. അതേസമയം കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള, കന്യാകുമാരി തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പുണ്ട്. കേരള -ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

☸☸☸☸☸☸☸☸☸☸☸☸☸

## കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റ്

കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യക്ക് 30 റണ്ണിന്റെ ഒന്നാം ഇന്നിംഗ്സ് ലീഡ്. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 189 റണ്ണിന് അവസാനിച്ചു. രണ്ടാം ഇന്നിംഗ്സ് മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക രണ്ടാം ദിനം മത്സരം അവസാനിപ്പിക്കുമ്പോൾ 7 വിക്കറ്റിന് 93 റൺ എന്ന നിലയിലാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## വന്ദേമാതരം-സി ആർ പി എഫ്

ഇന്ത്യയുടെ ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാാം വാർഷിക സ്മരണയ്ക്കായി തിരുവനന്തപുരം പള്ളിപ്പുറത്തെ സിആർപിഎഫ്, തോന്നയ്ക്കലിലുള്ള കുമാരനാശാൻ സ്മാരകത്തിൽ ബാൻഡ് പ്രകടനം സംഘടിപ്പിച്ചു. ഗ്രൂപ്പ് സെൻറർ ഡിഐ ജി, പിഎംജി ധർമ്മേന്ദ്ര സിംഗ് സന്നിഹിതനായിരുന്നു. രാജ്യത്തിൻറെ ദേശസ്നേഹ പൈതൃകം ഉയർത്തിപ്പിടിക്കാനും ആഘോഷിക്കാനുമുള്ള സേനകളുടെ പ്രതിബദ്ധത അടിവരയിടുന്നതായിരുന്നു പ്രകടനം.

☸☸☸☸☸☸☸☸☸☸☸☸☸

## ശിക്ഷ വിധിച്ചു

കണ്ണൂർ പാലത്തായിയിൽ നാലാം ക്ലാസുകാരിയെ പീഡിപ്പിച്ച കേസിൽ അധ്യാപകനായ കെ പത്മരാജന്, മരണം വരെ ജീവപര്യന്തം തടവും 1 ലക്ഷം രൂപ പിഴയും വിധിച്ച് തലശ്ശേരി അതിവേഗ പോക്സോ കോടതി. പോക്സോ കുറ്റങ്ങളിൽ 40 വർഷം തടവും 1 ലക്ഷം രൂപ പിഴയും ചുമത്തിയിട്ടുണ്ട്. കേസിൽ കെ പത്മരാജൻ കുറ്റക്കാരനെന്ന് കോടതി ഇന്നലെ കണ്ടെത്തിയിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## പരിശീലനം

അടിയന്തര സാഹചര്യങ്ങളിൽ പ്രതികരിക്കാനുള്ള തയ്യാറെടുപ്പുകൾ ശക്തിപ്പെടുത്തുന്നതിനും റെയിൽവേ വിഭാഗങ്ങൾക്കിടയിലും ദുരന്തനിവാരണ ഏജൻസികൾക്കിടയിലും ഏകോപനം വർദ്ധിപ്പിക്കുന്നതിനുമായി തിരുവനന്തപുരം ഡിവിഷൻ, ദക്ഷിണ റെയിൽവേയും ദേശീയ ദുരന്തനിവാരണ സേനയും സംയുക്തമായി ഇന്ന് സമഗ്ര സുരക്ഷാ പരിശീലനം നടത്തി.കൊല്ലം ജംഗ്ഷൻ റെയിൽവേ സ്റ്റേഷൻ യാർഡിൽ ട്രെയിൻ അപകട സാഹചര്യം സൃഷ്ടിച്ചാണ് പരിശീലനം നടത്തിയത്.

## കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കലോത്സവം

കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കലോത്സവം ഈ മാസം 18 ന് ആരംഭിക്കുമെന്ന് ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഡി.ഷൈനി കണ്ണൂരിൽ വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

*

*************

*************************************************